പ്രിസൺസ് മാനുവലിലും റൂൾസിലും മാറ്റങ്ങൾ

95 [1570] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കേരള പ്രിസൺസ് മാനുവലിലും റൂൾസിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) മാറ്റങ്ങൾ വരുത്തുവാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ;

(സി) മാറ്റങ്ങൾ വരുത്തിയതുൾപ്പെടെയുള്ള പ്രിസൺസ് മാനുവലിന്റെയും റൂൾസിന്റെയും കോപ്പികൾ ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) കേരള പ്രിസൺ റൂളിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്:

1. ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചുണ്ടാകുന്ന മരണങ്ങൾ സ്വാഭാവിക മരണമാണെന്നു ഉറപ്പ് വരുത്തുന്നതിലേക്ക് ദേശിയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 17-10-2002 തീയതിയിലെ ജി.ഒ. (എം. എസ്.) 169/2002/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം ജയിലിൽ വച്ചോ ആശുപത്രിയിൽ വച്ചോ മരണമടയുന്ന വിചാരണത്തടവുകാരന്റെയും ശിക്ഷാ തടവുകാരന്റെയും മരണം സംബന്ധിച്ച ഇൻക്വസ്റ്റും, മജിസ്റ്റീരിയൽ എൻക്വയറിയും പോസ്റ്റ്മോർട്ടം റിപ്പോർട്ടും ദേശിയ മനുഷ്യാവകാശ കമ്മീഷന് അയച്ചുകൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭേദഗതി.

2. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് കണക്കിലെടുത്ത്, 31-10-2002 തീയതിയിലെ ജി.ഒ. (എം. എസ്.) 176/2002/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തടവുകാർക്ക് കാന്റീനിൽ പ്രതിമാസം ചെലവാക്കാവുന്ന തുക 100 രൂപയിൽ നിന്നും 300 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതി.

3. തടവുകാരികളുടെ ആരോഗ്യപ്രശ്നവും ശുചിത്വവും മാനിച്ച് 27-11-2002 തീയതിയിലെ ജി. ഒ. (എം. എസ്.) 190/2002/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തടവുകാരികൾക്ക് സാനിട്ടറി നാപ്കിനുകൾ അനുവദിച്ചു കൊണ്ടുള്ള ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

4. ബഹു. സുപ്രിം കോടതിയുടെ റിട്ട്പെറ്റീഷൻ (സിവിൽ) 22/95 എന്ന വിധിന്യായത്തിൽ കൈവിലങ്ങുവയ്ക്കുന്നതും കാൽവിലങ്ങ് വയ്ക്കുന്നതും ചങ്ങലയ്ക്കിടുന്നതും ഇൻഡ്യൻ ഭരണഘടനയിലെ 14, 15 19, 21, എന്നീ ആർട്ടിക്കിളുടെ ലംഘനമാണെന്നതിനാൽ 27-11-2002 തീയതിയിലെ ജി. ഒ. (എം. എസ്.) 191/2002/ആഭ്യന്തരം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തടവുകാരെ കൈവിലങ്ങോ, കാൽവിലങ്ങോ, ചങ്ങലയ്ക്കിടുകയോ ചെയ്യാൻ പാടില്ല എന്നു വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭേദഗതി.

5. കാലാകാലങ്ങളിലുണ്ടായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ജീവനക്കാരുടെ യൂണിഫോം കാലോചിതമായി മാറ്റം വരുത്തണമെന്നു സർക്കാർ തീരുമാനിച്ച പ്രകാരം 25-1-2003 തീയതിയിലെ ജി. ഒ.(എം. എസ്.) 19/2003/ആഭ്യന്തരം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജയിൽ എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥരുടെ യൂണിഫോം പരിഷ്കരിച്ചുകൊണ്ടുള്ള ഭേദഗതി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള ജയിൽ ചട്ടങ്ങളും ജയിൽ മാനുവലും പ്രസിദ്ധീകരിച്ചിട്ടില്ല.

വിചാരണത്തടവുകാരുടെ ആനുകൂല്യങ്ങൾ

96 [1571] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ വിചാരണത്തടവുകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) വിചാരണത്തടവുകാരെ ജയിലിൽനിന്നു വിട്ടയക്കുമ്പോൾ യാത്രാബത്ത നൽകാറുണ്ടോ;

(സി) എങ്കിൽ പ്രസ്തുത യാത്രാബത്ത നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്നു വെളിപ്പെടുത്തുമോ;

(ഡി) വിചാരണത്തടവുകാർക്ക് പലപ്പോഴും അവർക്ക് അർഹതപ്പെട്ട യാത്രാബത്ത നൽകാറില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവർക്ക് യാത്രാബത്ത നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കാർ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly